# കിൻസുഗിയിൽ നിന്ന് ഇനിയെവിടേക്ക്?

കെ. എച്. ഹുസൈൻ

2016 നവംബർ 29

കേരളത്തിൽ ഇന്ന് നിലവിലിരിക്കുന്ന പുസ്തകനിർമ്മാണ-പ്രസാധന-വിതരണരീതികളിൽ നിന്നുള്ള സ്പഷ്ടമായ ഒരു വിച്ഛേദം കിൻസുഗി നിർവ്വഹിക്കുന്നുണ്ട്.

ഒന്ന്: ആസ്കി (ASCII) എൻകോഡിംഗിൽ അധിഷ്ഠിതമായ കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ISM-GIST-പേജ് മേക്കർ സിസ്റ്റത്തെ അത് കയ്യൊഴിക്കുന്നു. പകരം, ടൈപ്സെറ്റിംഗിലെ അവസാന വാക്കായ $\TeX$ ($\LaTeX$) സാങ്കേതികതയെ സ്വീകരിക്കുന്നു. സായാഹ്ന ഫൗണ്ടേഷനുവേണ്ടി സി.വി. രാധാകൃഷ്ണൻ (സിവിആർ) വികസിപ്പിച്ചെടുത്ത യൂണികോഡിലധിഷ്ഠിതമായ 'മലയാളം ടെക്ക്' ഉപയോഗിച്ചാണ് കിൻസുഗിയെ ഒരുക്കിയിരിക്കുന്നത്. സമഗ്രലിപിസഞ്ചയം സാദ്ധ്യമാക്കിയ രചനഫോണ്ട് ആണ് മലയാളം ടെക്കിന്റെ അക്ഷരങ്ങൾ.

രണ്ട്: ടെക്ക് ടൈപ്സെറ്റിംഗിൽ ലോകം അറിയപ്പെടുന്ന വിദഗ്ധനാണ് സിവിആർ. കഴിഞ്ഞ മൂന്നുവർഷമായി മലയാളം ടെക്കിന്റെ പൂർണ്ണതയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇന്ത്യയിലെ മറ്റൊരു പ്രാദേശിക യൂണികോഡ് ഭാഷാസാങ്കേതികതയിൽ ഇത്തരമൊരു മുന്നേറ്റം സംഭവിച്ചിട്ടില്ല. സായാഹ്നയിൽ മാത്രം ഈ സാങ്കേതികത ഒതുക്കി നിറുത്താൻ അദ്ദേഹം ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ എല്ലാ ഡി.റ്റി.പി. സെന്ററുകളിലും ഇതെത്തിക്കാൻ കഴിയുമോ എന്ന ചിന്തയിലും പ്രവർത്തനങ്ങളിലും അദ്ദേഹം മുഴുകിയിരിക്കുന്നു. ഇരുപതുവർഷത്തോളം പേജ്മേക്കറിൽ ജീവിച്ച ഡിറ്റിപിക്കാരെ സംബന്ധിച്ചിടത്തോളം ടെക്ക് അത്ര എളുപ്പമുള്ള പണിയായിരിക്കില്ല. കേരളത്തിലെ ഇരുപതിനായിരത്തിലധികം വരുന്ന ഡിറ്റിപി സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അഡോബിന്റെ ഇൻഡിസൈനിലേക്ക് ചേക്കേറുക സാമ്പത്തികമായി ദുർവ്വഹമാണ്. പണ്ടത്തെപ്പോലെ സിഡിയിൽ കോപ്പിചെയ്തുകൊണ്ടുവന്ന് ഇൻസ്റ്റാൾ ചെയ്യുന്ന രീതി ഇൻഡിസൈന്റെ കാര്യത്തിൽ

നടക്കാൻ പറ്റാതെയായിരിക്കുന്നു. അയ്യായിരത്തഞ്ഞൂറുരൂപ മാസവാടക കൊടുത്ത് വാങ്ങാമെന്നു വച്ചാൽത്തന്നെ നിലവിലുള്ള കമ്പ്യൂട്ടറും മെമ്മറിയും പോരാതെവരും.

സിവിആറിന്റെ മലയാളം ടെക്ക് സ്വതന്ത്രമാണ്, തുറന്നതാണ്, സൗജന്യമാണ് (Free and Open). അഞ്ചു വർഷം പഴക്കമുള്ള പ്രവർത്തനക്ഷമമായ ഏതു കമ്പ്യൂട്ടറും അതിനുപയോഗിക്കാം. ടെക്ക് ഉല്പാദിപ്പിക്കുന്ന മലയാള പേജുകളുടെ സൗന്ദര്യത്തിന് സായാഹ്നയിൽ ആർക്കൈവ് ചെയ്തിരിക്കുന്ന ഗ്രന്ഥങ്ങൾ തന്നെ സാക്ഷ്യങ്ങൾ. കിൻസുഗി അതിലേറ്റവുമൊടുവിലത്തേത്.

മലയാളം ടെക്ക് പോപ്പുലറൈസ് ചെയ്യാനുള്ള യത്നത്തിലാണ് സിവിആർ. എല്ലാവർക്കും അനായാസേന പ്രാപ്യമായ ഒരു ക്ലൗഡ് സെർവർ ആണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

മൂന്ന്: പുസ്തകമെന്നാൽ ആയിരം കോപ്പിയിലച്ചടിച്ച കടലാസ്സുപുസ്തകം എന്ന യാഥാർത്ഥ്യം കാലഹരണപ്പെട്ടിരിക്കുന്നു. പുസ്തകത്തിന്റെ അനേക രൂപങ്ങളിൽ ഒന്നുമാത്രമാണ് ഇന്ന് കടലാസ്സുപുസ്തകം. ഇ-പബ്ലിക്കേഷന്റെ ഒട്ടനവധി രൂപങ്ങളിലേക്ക് പുസ്തകനിർമ്മാണവും വിതരണവും വായനയും മാറിക്കഴിഞ്ഞു. ഇന്ന് നിലവിലിരിക്കുന്നതും വരാനിരിക്കുന്നതുമായ ഏതു ഡിജിറ്റൽ രൂപങ്ങളിലേക്കും എളുപ്പത്തിൽ മാറ്റിയെടുക്കാവുന്ന ഘടനയാണ് ടെക്കിന്റേത്. മൈക്രോസോഫ്റ്റിന്റേയും അഡോബിന്റേയും സാങ്കേതികതയ്ക്ക് ടെക്കിനോളം എളുപ്പവും പൂർണ്ണതയും വഴക്കവും അവകാശപ്പെടാനുമാവില്ല. മലയാളിയുടെ ജീവിതവും അനുഭവങ്ങളും ചിന്തകളും ഉല്പാദിപ്പിച്ചെടുക്കുന്ന ഓരോ വിവരവും വിജ്ഞാനവും (അതിൽ ലേഖനങ്ങൾ മാത്രമല്ല കഥയും കവിതകളും ഉൾപ്പെടും) ആയിരം വർഷങ്ങൾക്കപ്പുറത്തേക്ക് എത്തിക്കാൻ ടെക്കിനോളം സമർത്ഥമായി മറ്റൊരു അക്ഷരസാങ്കേതികത ഇന്ന് ലോകത്തില്ല. ‘കേടുകൂടാതെ സൂക്ഷിക്കുക’ എന്നാണ് സിവിആർ അതേകുറിച്ച് എപ്പോഴും പറയുക. ടെക്കിൽ ഒരിക്കൽ ഒരുക്കിവച്ച ഡിജിറ്റൽ പുസ്തകം ഒരു കോപ്പിയോ നൂറുകോപ്പിയോ അപ്പപ്പോൾ അച്ചടിച്ച് എടുക്കാവുന്നവിധം പ്രിന്റിംഗ് ടെക്നോളജിയും വികസിച്ചിരിക്കുന്നു. POD എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന Print On Demand പ്രസ്സുകൾ കേരളത്തിൽതന്നെ ലഭ്യമാണ്.

നാല്: വൻകിടപ്രസാധകരുടെ കാരുണ്യമുണ്ടെങ്കിലേ പുസ്തകപ്രസാധനവും വിതരണവും നടക്കൂ എന്ന ധാരണകളും പഴങ്കഥകളായിരിക്കുന്നു. ഡി.സിയ്ക്കും മാതൃഭൂമിയ്ക്കും ഗ്രീൻബുക്സിനും ഇല്ലാത്ത അക്ഷര സാങ്കേതികത ഇന്ന് സ്വയംപ്രസാധന/സ്വതന്ത്ര പ്രസാധനത്തിന് കൈവന്നിരിക്കുന്നു. അവരുടെ പുസ്തകങ്ങൾക്കൊന്നും കഴിയാത്ത എണ്ണത്തിൽ ഡിജിറ്റൽ പതിപ്പുകളായി, പതിനായിരങ്ങളായി ദിവസങ്ങൾക്കകം ലോകത്തിലെ ഏതുകോണിൽ ജീവിക്കുന്ന മലയാളിക്കും പ്രാപ്യമായവിധം മലയാളപ്രസാധനം ടെക്കിലൂടെ വളർന്നിരിക്കുന്നു. ഇരുന്നൂറിലേറെ വർഷം പഴക്കമുള്ള പകർപ്പവകാശം (All Rights Reserved) മനുഷ്യന്റെ ആർജ്ജിതവിജ്ഞാനത്തിന്റെ സത്തയ്ക്കും വ്യാപനത്തിനും തടസ്സം നില്ക്കുന്നു എന്നതിനാലാണ് ക്രിയേറ്റീവ് കോ

മൺസ് (Creative Commons) പോലുള്ള പുതിയ പകർപ്പവകാശങ്ങൾ ഉദയം ചെയ്തിരിക്കുന്നത് (കാണുക https://creativecommons.org). അത് സൃഷ്ടികർത്താവിന്റെ ഉടമസ്ഥതയെ കയ്യൊഴിയുന്നില്ല, പ്രതിഫലത്തെ ഇല്ലായ്മ ചെയ്യുന്നില്ല. നിലവിലുള്ള പഴഞ്ചൻ പകർപ്പവകാശത്തേക്കാൾ കേമമായി അതൊക്കെ സംരക്ഷിക്കപ്പെടുന്നു. നിലവിലുള്ള പകർപ്പവകാശം പ്രസാധകന്റെ മുതലും ലാഭവും കൂട്ടാനല്ലാതെ മറ്റെന്തിനാണ് ഇന്ന് ഉപകരിക്കുന്നത്? പുസ്തകത്തിന്റെ, അത് കടലാസ്സോ ഡിജിറ്റലോ ആകാം, പൂർവ്വനിശ്ചിതമായി ഉറപ്പിച്ച റോയൽറ്റി വിറ്റുപോകുന്ന അതേ നിമിഷം ഗ്രന്ഥകർത്താവിന്റെ അറിവിലേക്കും എക്കൗണ്ടിലേക്കും എത്തത്തക്ക സുതാര്യമായ ഒരു പോർട്ടലിന് രൂപംകൊടുക്കുകയാണ് സിവിആർ. നിലവിലുള്ള പ്രസാധനത്തെ ഇല്ലാതാക്കുകയല്ല, പകരം സാങ്കേതികമായി മെച്ചപ്പെടുത്തുകയും വില്പനയുടേയും വിഹിതങ്ങളുടേയും കാര്യത്തിൽ സത്യസന്ധമാക്കുകയും ചെയ്യേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു. സ്വതന്ത്രപ്രസാധനത്തിന്റെ പുതുവഴികൾ കേരളത്തിലെ യുവഎഴുത്തുകാർ ഹൃദയംഗമമായി സ്വീകരിച്ചിരിക്കുന്നു എന്നതിന് കിൻസുഗിയോടുള്ള പ്രതികരണം തെളിവാണ്. ലബ്ധപ്രതിഷ്ഠിതർ ഈ വഴിയിലേക്ക് ക്രമേണ വന്നുകൊള്ളും. റോയൽറ്റിയും വരുമാനവും അവിടെ നില്ക്കട്ടെ — ചതഞ്ഞ അക്ഷരങ്ങളിൽ ആയിരം കോപ്പിയിൽ ജീർണ്ണിച്ചൊടുങ്ങേണ്ട ഒന്നല്ല തന്റെ കൃതികൾ എന്ന് അവർക്ക് ബോദ്ധ്യപ്പെടാൻ ഇനി അധികം നാളുകളില്ല.

## കിൻസുഗിയിൽ നിന്ന് ഇനിയെവിടേക്ക്?

പ്രൊ. വി. കെ. സുബൈദയുടെ സമകാലിക മലയാളകവിതകളെക്കുറിച്ചുള്ള വായനയും പഠനവുമാണ് സായാഹ്നയുടെ അടുത്ത ഗ്രന്ഥം. കിൻസുഗിയുടെ അച്ചടിച്ച പതിപ്പിന്റെ പ്രകാശനം അതിനുമുമ്പേയുണ്ടാകും. കിൻസുഗിയുടെ വരവോടെ ധാരാളം യുവഎഴുത്തുകാർ അന്വേഷണങ്ങളും സംശയങ്ങളുമായി എത്തുന്നുണ്ട്. കിൻസുഗി പോലെ ടൈപ്സെറ്റുചെയ്യാനും സ്വതന്ത്രമായി (Creative Commons) സായാഹ്നയിലൂടെ പ്രസിദ്ധീകരിക്കാനും ആഗ്രഹിക്കുന്നവർ prasadhanam@gmail.com-ൽ ബന്ധപ്പെടുമല്ലോ. മലയാളം ടെക്കിന്റെ കൂട്ടായ്മയുണ്ടാക്കാനും ടെക്ക് ടൈപ്സെറ്റിംഗിന്റെ ശില്പശാലകൾ സംഘടിപ്പിക്കാനും അത് സഹായകമാകും.

പുസ്തകങ്ങൾക്കായി ടെക്സ്റ്റ് അടിക്കുമ്പോൾ ISM-GIST-ഉം പേജ്മേക്കറും ഇനി മുതൽ ഉപയോഗിക്കരുത്. അഥവാ, അത്തരം ഫയലുകൾ ഉണ്ടെങ്കിൽ TypeIt ഉപയോഗിച്ച് യൂണികോഡിലേക്ക് മാറ്റിയെടുക്കണം. ഫേസ്ബുക്കുകളിലോ ബ്ലോഗുകളിലോ ഉള്ള മാറ്ററുകൾക്ക് പ്രശ്നമില്ല, അത് യൂണികോഡിലായിരിക്കുമല്ലൊ. ഏത് കീബോർഡ് ഉപയോഗിച്ചാണ് ടെക്സ്റ്റ് അടിച്ചു കയറ്റിയത് എന്നതും പ്രശ്നമല്ല. ഇൻസ്ക്രിപ്റ്റ് കീബോർഡായാലും Transliteration കീബോർഡ് (മംഗ്ലീഷ്, വരമൊഴി, …) ആയാലും, പഴയ ലിപിയിലായാലും പുതിയ ലിപിയിലായാലും യൂണികോഡിലാണെങ്കിൽ അക്ഷരങ്ങളെല്ലാം ഒന്നു തന്നെ.

അടുത്തയാഴ്ച തിരുവനന്തപുരത്ത് മലയാളം ടെക്കിന്റെ ആദ്യത്തെ ശില്പശാല നടക്കുക

യാണ്. തലസ്ഥാനത്തെ പ്രമുഖരായ രണ്ട് പ്രസാധകർ കേട്ടറിഞ്ഞ് താല്പര്യം പ്രകടിപ്പിച്ച് സിവിആറിന്റെ അടുത്തെത്തുകയായിരുന്നു. വളരെ അനൗപചാരികമായ ഒരു പരിശീലനമാണത്. സാധാരണ സെമിനാറുകളുടേയോ വർക്ക്ഷോപ്പുകളുടേയോ കെട്ടുകാഴ്ചകളില്ലാത്ത ഒന്ന്. അതിൽ പങ്കെടുക്കുന്ന ഡിറ്റിപിക്കാർ എങ്ങനെയാണ് ടെക്കിനെ സ്വീകരിക്കുക എന്നത് പ്രധാനമാണ്. പത്തിരുപതുവർഷം അവർ ജീവിക്കുകയും തൊഴിലെടുക്കുകയുംചെയ്ത ഗ്രാഫിക്സ് പരിസരത്തിൽനിന്ന് തീർത്തുംഭിന്നമായ ടെക്കിലേക്ക് ചേക്കേറേണ്ടിവരുമ്പോഴുള്ള അവരുടെ ഉൽക്കണ്ഠകളും മനഃപ്രയാസങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ആദ്യം തോന്നുന്ന വിഹ്വലതകൾ മറികടക്കേണ്ടതുണ്ട്. അവർക്കുകൂടി സ്വീകാര്യവും ആഹ്ലാദകരവുമായ ഒരു സാങ്കേതികതയാക്കി മലയാളം ടെക്കിനെ വളർത്തിയെടുക്കുന്നതിൽ സിവിആർ ബദ്ധശ്രദ്ധനാണ്. ഭാഷാസാങ്കേതികതയുടെ അനന്യമായ ഒരു പ്രയോഗവിശേഷത്തിൽ പങ്കാളിയാകാൻ കഴിയുന്നത് എന്റെ മറ്റൊരു ഭാഗ്യമാണ്.

## പ്രതികരണങ്ങൾ

രഞ്ജിത് കണ്ണൻകാട്ടിൽ[1] “കിൻസൂഗി—ഹൃദയം പുണരുന്ന മുറിവുകൾ” (സൗജന്യ ഡൗൺലോഡ് ലിങ്ക്: http://ml.sayahna.org/index.php/kintsugi) എന്ന പുസ്തകത്തിന്റെ എല്ലാ ക്രെഡിറ്റും സായാഹ്ന ഫൗണ്ടേഷനും അതിനോടൊപ്പം നിൽക്കുന്ന ഒരുപാട് കഠിനാധ്വാനികളായ മനുഷ്യർക്കും വച്ചുമാറുകയാണ്. ഇതിൽ ഒരുപാട് പുതുമകളുണ്ട്.

പുസ്തകത്തിന്റെ ടൈപ്സെറ്റിംഗിന് ഉപയോഗിച്ചിട്ടുള്ളത് അഡോബിയുടെ പേജ്മേക്കറോ ഇൻഡിസൈനോ മറ്റ് നിയന്ത്രിത സോഫ്റ്റ്വെയറുകളോ അല്ല. അത് ടെക് എന്ന അതിമനോഹരമായ സ്വതന്ത്ര പ്ലാറ്റ്ഫോമിൽ തയ്യാർ ചെയ്തിട്ടുള്ളതാണ്. മലയാളത്തിൽ TeX പബ്ലിഷിംഗ് ചെയ്യാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ച രാധാകൃഷ്ണൻ മാഷാണ് ഈ പുസ്തകം പുറത്തിറക്കുന്നതിനുള്ള ഹേതുവായത് എന്നത് ഒരുപാട് സന്തോഷം നൽകുന്നുണ്ട്. പുസ്തകം ഡൗൺലോഡ് ചെയ്തവർക്ക് അക്ഷരങ്ങളുടെ മനോഹാരിതയിൽ നിന്ന് കണ്ണെടുക്കാൻ സാധിക്കില്ലെന്നുറപ്പാണ്. കെ. എച്. ഹുസൈൻ മാഷ് ഡിസൈൻ ചെയ്ത “രചന” എന്ന അതിമനോഹരമായ ഫോണ്ടാണ് പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്. യൂണികോഡിൽ തന്നെ പുസ്തകത്തിന്റെ അണിയറ പ്രവർത്തനങ്ങൾ ചെയ്തതുകൊണ്ട് സാധാരണ പബ്ലിഷിംഗിൽ ഉണ്ടാകാറുള്ള content rehandling പൂർണമായും ഒഴിവാക്കാൻ സാധിച്ചു എന്നത് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമായിരുന്നു.

മാത്രമല്ല ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത് ക്രിയേറ്റീവ് കോമൺസ് ലൈസൻസിലാണ്. അതിനാൽ ഇലക്ട്രോണിക് കോപ്പി സ്വതന്ത്രമായി എല്ലാവർക്കും പങ്കു

[1] രഞ്ജിത് കണ്ണൻകാട്ടിൽ, “കിൻസൂഗി—ഹൃദയം പുണരുന്ന മുറിവുകൾ” എന്ന കവിതാസമാഹാരത്തിന്റെ കർത്താവാണ്.

വെക്കാവുന്നതാണ്. ആമസോൺ കിൻഡിൽ, മൂൺ റീഡർ തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ വായന കേന്ദ്രീകരിച്ചിരിക്കുന്നവർക്ക് ലഭ്യമാകുന്ന വിധത്തിൽ e-pub പകർപ്പും താമസിയാതെ റിലീസ് ആകും.

കേരളത്തിലിപ്പോൾ നിലനിൽക്കുന്ന പബ്ലിഷിംഗ് മാഫിയക്കെതിരെ നടത്തുന്ന ഒന്നാമത്തെ ചുവടുവയ്പ്പാണിത്. തികച്ചും അതാര്യമായി നടക്കുന്ന, എഴുത്തുകാരനും അയാളുടെ ബുദ്ധിയ്ക്ക് യാതൊരു മൂല്യവും കല്പിക്കാത്ത ഒരു പബ്ലിഷിംഗ് രീതിയാണ് കേരളത്തിൽ ഇപ്പോളുള്ളത്. ക്വാളിറ്റി ഉള്ള എഴുത്താണെങ്കിൽ കൂടി എഴുത്തുകാരനെ നിർബന്ധിച്ച് പുസ്തകം വാങ്ങിപ്പിക്കുക, ഒപ്പം റോയൽറ്റി എന്ന പേരിൽ എന്തെങ്കിലും നക്കാപ്പിച്ച നൽകി ഒഴിവാക്കുക തുടങ്ങിയ സ്ഥിരം കലാപരിപാടികൾ. ഇതിനെയെല്ലാം പ്രതിരോധിക്കാൻ പൂർണമായും സുതാര്യമായ പബ്ലിഷിംഗ് എന്നതാണ് സ്വതന്ത്ര പ്രസാധനത്തിന്റെ ലക്ഷ്യം.